I/51019/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ഹെഡ് ക്ലാർക്ക് തസ്തികയിൽ - 2023 -ലെ പൊതു സ്ഥലംമാറ്റം -ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം:- 1 .സർക്കാർ ഉത്തരവ് (പി ). 3 /2017 /ആ.കു വ തീയതി 25 / 2 / 2017
2 .ഉത്തരവ് ഇ.എച്ച് .1 -7074 /2023 /ആ.വ.ഡ തീയതി 11 / 4 / 2023

**ഉത്തരവ് നം : DHS/10281/2023-ED1 തിയതി : 02-06-2023**

പരാമർശം (1 ) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 2023-ലെ പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹെഡ് ക്ലാർക്ക് തസ്തികയിൽ സ്പാർക്ക് പ്രകാരം ലഭ്യമായ കരട് ലിസ്റ്റ് പരാമർശം (2 ) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു . ആയതിൽമേൽ ലഭ്യമായ അപേക്ഷകൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ചിരുന്നു . ആയതിൻപ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിൽ പൊതുസ്ഥലം മാറ്റം ആവശ്യപ്പെട്ടിരുന്ന ജീവനക്കാർ / കരട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ജീവനക്കാർ എന്നിവർ നിലവിൽ ജോലിനോക്കുന്ന സ്ഥാപനങ്ങളിൽ മൂന്ന് വർഷത്തിന് താഴെമാത്രം സേവന കാലയളവുള്ളവരും , പ്രൊമോഷൻ തസ്തികയിൽ നിയമനം ലഭിച്ചവരും ഉൾപ്പെട്ടിരുന്നു . ആയതിനാൽ പരാമർശം (1 ) പ്രകാരമുള്ള പൊതു സ്ഥലം മാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി പരിഗണിക്കാൻ കഴിയുന്നതല്ല .

ഈ സാഹചര്യത്തിൽ **ഹെഡ് ക്ലാർക്ക്** തസ്തികയിൽ പരമാശം (2) പ്രകാരം പ്രസിദ്ധീകരിച്ച കരട് പൊതു സ്ഥലം മാറ്റ പട്ടിക റദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. കരട് പട്ടികയിൽ ഉൾപെട്ടിരുന്നവർക്ക് പരാതികൾ ഉള്ള പക്ഷം senioradmn@gmail.com എന്ന mail id യിലേക്ക് 3 ദിവസത്തിനകം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

SOBHA
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് : 1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
3. ഫയൽ/കരുതൽ ഫയൽ.

Signed by
Sobha V
Date: 02-06-2023 14:08:51